# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 938** 09.08.2017-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ സ്വകാര്യാശുപത്രികളിലെ നഴ്സുമാരുടെ വേതന വർദ്ധനവിനായി തൊഴിലാളി സംഘടനകൾ നടത്തിയ സമരത്തെത്തുടർന്ന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) 1. 29.01.2016-ലെ ബഹു.സുപ്രീംകോടതി വിധിയനുസരിച്ച് നിയോഗിച്ച കമ്മിറ്റി നിർദ്ദേശിച്ച രീതിയിൽ 50 കിടക്ക വരെയുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 20,000/- രൂപയായി നിശ്ചയിക്കുന്നതിനു തീരുമാനിച്ചു.<br>2. 50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം നിർണ്ണയിക്കുന്നതിനും നഴ്സിംഗ് ട്രെയിനിമാരുടെ സ്റ്റൈപ്പന്റ് കാലോചിതമായി വർദ്ധിപ്പിക്കൽ, ട്രെയിനിംഗ് കാലാവധി തുടങ്ങിയ വിഷയങ്ങൾ പരിശോധിക്കുന്നതിനും ശുപാർശ സമർപ്പിക്കാനുമായി തൊഴിൽ-ആരോഗ്യ-നിയമ സെക്രട്ടറിമാരും ലേബർ കമ്മീഷണറും അംഗങ്ങളായി ഒരു സമിതിയെ നിയോഗിക്കും. ഒരു മാസത്തിനകം സമിതി റിപ്പോർട്ട് സമർപ്പിക്കണം.<br>3. മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള അധികാരം മിനിമം വേജസ് കമ്മിറ്റിക്കാണ്. സർക്കാർ നിയോഗിക്കുന്ന സമിതിയുടെ നിർദ്ദേശങ്ങൾ മിനിമം വേജസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കും.<br>4. സമരത്തിന്റെ പേരിൽ മാനേജ്മെൻറുകൾ പ്രതികാര |

| | |
|---|---|
| | നടപടികൾ സ്വീകരിക്കാൻ പാടില്ല. സമരം അവസാനിപ്പിക്കുകയും ജീവനക്കാർ ആശുപത്രി പ്രവർത്തനങ്ങളിൽ പൂർണ്ണമായി സഹകരിക്കുകയും ചെയ്യുക. |
| (ബി) തീരുമാനങ്ങൾ നടപ്പിലാക്കുന്നത് മോണിട്ടർ ചെയ്യുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും ഔദ്യോഗിക സമിതികൾ രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) (സി) യും (ഡി) യും തീരുമാനങ്ങൾ നടപ്പിലാക്കുന്നത് മോണിട്ടർ ചെയ്യുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും ഔദ്യോഗിക സമിതികൾ രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടില്ല. |
| (സി) എങ്കിൽ പ്രസ്തുത സമിതികളുടെ ഘടന എങ്ങനെയാണെന്ന് വ്യക്തമാക്കുമോ; | |
| (ഡി) പ്രസ്തുത സമിതികൾ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ.